# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 92** 10-08-2017-ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം

ചോദ്യം

ശ്രീ. കാരാട്ട് റസാഖ്
ശ്രീ. എം.സ്വരാജ്
ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീമതി.പി.അയിഷാ പോറ്റി

:

ഉത്തരം

പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം അറിവു നേടുന്നവരെയും രക്ഷിതാക്കളെയും കടക്കെണിയിലാക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയെ ശരിയായ ദിശയിലേക്ക് നയിക്കാൻ ഏതൊക്കെ തരത്തിലിടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ; | എ) വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തിനു തുടർച്ചയായി വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 16.05.2017 ലെ സ.ഉ (പി) നം. 65/17/ധന ഉത്തരവ് പ്രകാരം ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 16.05.2017 ലെ സ.ഉ (പി) നം. |

<table>
<tr>
<td>ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;</td>
<td>65/17/ധന ഉത്തരവ് പ്രകാരം ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്തവരെ രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. (I) നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ടുകൾ, (Non-NPA/Stanadard Account) (ii) 31.03.2016-ന് മുൻപ് തിരിച്ചടവ് മുടങ്ങിയ നിഷ്ക്രിയ അക്കൗണ്ടായി മാറിയ വിദ്യാഭ്യാസ വായ്പകൾ. നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത (റെഗുലർ അക്കൗണ്ട്സ്) 9 ലക്ഷം രൂപ വരെ വായ്പ എടുത്ത 01.04.2016-ന് മുൻപ് തിരിച്ചടവ് തുടങ്ങിയവർക്ക് ചുവടെ കൊടുത്തിട്ടുള്ള ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നതാണ്.<br><br>അനുപാതം<br><br>
<table>
<tr><th>വർഷം</th><th>സംസ്ഥാന സർക്കാർ</th><th>വായ്പയെടുത്തയാൾ</th></tr>
<tr><td>1-ാം വർഷം</td><td>90%</td><td>10%</td></tr>
<tr><td>2-ാം വർഷം</td><td>75%</td><td>25%</td></tr>
<tr><td>3-ാം വർഷം</td><td>50%</td><td>50%</td></tr>
<tr><td>4-ാം വർഷം</td><td>25%</td><td>75%</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| | തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31-ന് മുൻപ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ 4 ലക്ഷം രൂപ വരെയുള്ള ലോണുകളിൽ, ബാങ്കുകൾ പലിശ മുഴുവനായി എഴുതിത്തള്ളാൻ തയ്യാറാണെങ്കിൽ വായ്പയെടുത്ത വിദ്യാർത്ഥി ഒറ്റത്തവണയായി ബാക്കി നിൽക്കുന്ന തുകയുടെ 40% മുൻകൂറായി അടക്കുന്ന പക്ഷം ബാക്കിയുള്ള 60% തുക അടച്ച് ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്. 4 ലക്ഷത്തിനു മേൽ 9 ലക്ഷം വരെ വായ്പാ തുകയുള്ള 2016 മാർച്ച് 31 ന് മുൻപ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ വായ്പകളിൽ ബാങ്കുകൾ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുകയാണെങ്കിൽ മുതൽ തുകയുടെ 50% (പരമാവധി 2,40,000/- രൂപ) ഒടുക്കി ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്.<br>വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമായോ/ ശാരീരികമായോ വൈകല്യം സംഭവിച്ചാൽ വായ്പാ തുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്. ഉത്തരവ് പ്രകാരം 2016 മാർച്ച് 31 ന് മുൻപ് വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾ ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യോഗ്യതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടത് ലോൺ എടുത്ത ബാങ്ക് ശാഖയിലാണ്. ബാങ്ക് യോഗ്യതയുള്ള |

| | |
|---|---|
| | അപേക്ഷകൾ നോഡൽ ഏജൻസിയായ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് കൈമാറുകയും സംസ്ഥാതല ബാങ്കിംഗ് സമിതി ധനകാര്യ വകുപ്പ് തയ്യാറാക്കുന്ന പുതിയ സോഫ്റ്റ് വെയർ മുഖേന പ്രൊപ്പോസൽ ഓൺലൈനായി ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.<br>ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്-പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 04.08.2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2017 വരെയാണ്. പ്രസ്തുത പോർട്ടൽ വഴി അപേക്ഷകൾ ലഭിച്ച ശേഷം ആയതിന് വേണ്ടി വരുന്ന സർക്കാർ വിഹിതം എത്രയാണെന്ന് കണക്കാക്കി തുക അനുവദിക്കുന്നതാണ്. |
| സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യം താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നതാണ്.<br>• ഇന്ത്യയിൽ അംഗീകൃത വിദ്യാലയങ്ങളിൽ അംഗീകൃത കോഴ്സിന് പഠിച്ച വിദ്യാർത്ഥിക്കോ |

| | |
|---|---|
| | ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ<br>• മാനേജ്മെന്റ് /എൻ.ആർ.ഐ ക്വാട്ടയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ച വിദ്യാർത്ഥികൾ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹരാണ്.<br>• ആരോഗ്യ കാരണങ്ങളാലോ മരണമടഞ്ഞു മൂലമോ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സാധിക്കാ-ത്തവർക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കും. അല്ലാത്ത കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല.<br>• 01.04.2016 ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് 90%, 75%,50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും<br>• കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും |

| | |
|---|---|
| | വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.<br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള വായ്പാതുകയുടെ 50% (പരമാവധി 2,40,000/- രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.<br>• ഈ സ്കീം പ്രകാരം ആദ്യത്തെ ഗ്രാജുവേറ്റ്/പോസ്റ്റ് ഗ്രാജുവേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**